"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ജല വിഭവ വകുപ്പ് - നദികളിൽ അടിഞ്ഞുകൂടിയ പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്ത പ്രവർത്തി പൂർത്തീകരിച്ച വകയിൽ ജലസേചന വകുപ്പിൽ നിന്നും കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക ബില്ല് തുക അനുവദിക്കുന്നതിനുള്ള അനുമതി നല്കി ഉത്തരവാകുന്നു.

---

**ജലവിഭവ (ഐ ആർ) വകുപ്പ്**

സ.ഉ.(കൈ) നം.28/2023/WRD തീയതി,തിരുവനന്തപുരം, 12-05-2023

---

പരാമർശം:-

1. സ.ഉ(സാധാ) നം.53/2019/ഡിഎംഡി തീയതി 25/01/2019.
2. 14/3/2022 ലെ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൻറെ നടപടി കുറിപ്പ്.
3. സ.ഉ(സാധാ) നം.234/2022/ജവിവ തീയതി, 24.03.2022.
4. സ.ഉ(സാധാ) നം.442/2022/ഡിഎംഡി തീയതി, 17/05/2022.
5. സ.ഉ(സാധാ) നം.478/2022/ജവിവ തീയതി, 01/06/2022.
6. സ.ഉ(സാധാ) നം.594/2022/ജവിവ തീയതി, 11/07/2022.
7. സ.ഉ(സാധാ) നം.511/2022/ഡിഎംഡി തീയതി, 07/06/2022.
8. സ.ഉ(സാധാ) നം.515/2022/ഡിഎംഡി തീയതി, 13/06/2022,
9. 26/05/2022-ലെ പിഎൽ1(ബി) എംഒഎൻ/23349/2021 നമ്പർ ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും തിരുവനന്തപുരം ന്റെ കത്ത്
10. 30/07/2022-ലെ പിഎൽ1(ബി) എംഒഎൻ/23349/2021 നമ്പർ ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും തിരുവനന്തപുരം ന്റെ കത്ത്
11. 28/03/2023-ലെ പിഎൽ1(ബി) എംഒഎൻ/23349/2021 നമ്പർ ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും തിരുവനന്തപുരം ന്റെ കത്ത്

**ഉത്തരവ്**

2018 ലും അതിനുശേഷം 2019, 2021 വർഷങ്ങളിലും സംസ്ഥാനത്തുണ്ടായ അതിഭീകരമായ വെള്ളപ്പൊക്കത്തിന്റെയും ഉരുൾപൊട്ടലുകളുടെയും ഫലമായി സംസ്ഥാനത്തെ വിവിധ നദികളിലും അവയുടെ കൈവഴികളിലും വളരെയധികം അളവിൽ ചെളിയും എക്കലും മറ്റ് അവശിഷ്ടങ്ങളും അടിയുകയുണ്ടായി. നദികളിൽ നിന്നും ചെളിയും എക്കലും അതുപോലെ പായലും കള-സസ്യങ്ങളും പതിവായി നീക്കം ചെയ്യാതിരിക്കുന്നത് നദികളുടെ ജലം ഉൾക്കൊള്ളുന്നതിനുള്ള കഴിവ് കുറയ്ക്കുകയും നദികളുടെ സ്വാഭാവികമായ ഒഴുക്കിന് തടസ്സം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെ തുടർന്ന് മുൻകാലങ്ങളിൽ വെള്ളപ്പൊക്ക ഭീഷണി

ഇല്ലാതിരുന്ന പ്രദേശങ്ങളിൽ പോലും വെള്ളപ്പൊക്കം ഉണ്ടാകുന്ന അവസ്ഥ സംജാതമായി. ഈ അപകടകരമായ അവസ്ഥ തരണം ചെയ്യുന്നതിനായി 14.03.2022-ൽ ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംസ്ഥാനത്തെ നദികളിൽ പ്രളയാനന്തരം അടിഞ്ഞുകൂടിയ എക്കലും ചെളിയും അടിയന്തരമായി അടുത്ത മൺസൂണിന് മുൻപായി മറ്റ സർക്കാർ ഏജൻസികളെ സംയോജിപ്പിച്ചുകൊണ്ടു നീക്കം ചെയ്യുന്നതിന് തീരുമാനമെടുത്തിരുന്നു. അതേത്തുടർന്ന് ടി പ്രവൃത്തിയുടെ പ്രാധാന്യം കണക്കിലെടുത്ത് പ്രാഥമിക ഘട്ടത്തിൽ സംസ്ഥാനത്തെ നദികളിൽ നിന്നും ദുരന്താവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് 14 ജില്ലകളിലെയും ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺമാരായ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി പരാമർശം 3 പ്രകാരം ഉത്തരവായിരുന്നു. അതുപ്രകാരം നീക്കം ചെയ്യുന്ന എക്കലും ചെളിയും നിക്ഷേപിക്കുന്നതിനുള്ള സ്ഥലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതും പ്രസ്തുത സ്ഥലങ്ങളിൽ സുരക്ഷിതമായി ജലസേചനവകുപ്പ് ടി അവശിഷ്ടങ്ങൾ നിക്ഷേപിക്കേണ്ടതുമാണെന്നും ഉത്തരവായിരുന്നു.

ഇറിഗേഷൻ വകുപ്പിലെ എഞ്ചിനീയർമാർ നിർദ്ദേശിക്കുന്ന നദികളുടെ, വെള്ളം ഉൾക്കൊള്ളുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുന്നതിനായി അവയുടെ നിർദ്ദിഷ്ട ഭാഗങ്ങളിലെ എക്കലും ചെളിയും നീക്കം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ അതാത് ജില്ലകളിലെ DDMA-മാർ സ്വീകരിക്കേണ്ടതാണെന്നും ഈ പ്രവൃത്തി ജലസേചന വകുപ്പിലെ എഞ്ചിനീയർമാരുടെ സാങ്കേതിക പരിജ്ഞാനം ഉപയോഗപ്പെടുത്തി ജലസേചന വകുപ്പ് മുഖേന നടപ്പിൽ വരുത്തേണ്ടതാണെന്നും പരാമർശം 4 ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു.

പരാമർശം 9 ലെ ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം 2022 മെയ് മാസം വരെ പ്രളയാവശിഷ്ടം നീക്കം ചെയ്യുന്നതിന് വേണ്ടിവന്ന, SDRF-ൽ നിന്നും ചെലവഴിച്ച 10 കോടി രൂപ, എസ്ഡിആർഎഫി-ലേക്ക് recoup ചെയ്യുന്നതിനായി ഡിഎംഡിയുടെ SDRF Preparedness ഫണ്ടിൽ നിന്നും, ടി തുക ആവശ്യപ്പെടുകയും തുടർന്ന് പരാമർശം 7 & 8 ഉത്തരവുകൾ പ്രകാരം ₹9,93,35,390/-രൂപ (ഒൻപത് കോടി തൊണ്ണൂറ്റിമൂന്നു ലക്ഷത്തി മുപ്പത്തി അയ്യായിരത്തി മുന്നൂറ്റി തൊണ്ണൂറ് രൂപ) ചീഫ് എഞ്ചിനീയർക്ക് (ജലസേചനവും ഭരണവും) അനുവദിക്കേണ്ടതിലേക്കായി, ജില്ലാ കളക്ടർമാർക്ക് ദുരന്ത നിവാരണ വകുപ്പിൽനിന്നും അനുവദിച്ച് ഉത്തരവായിരുന്നു.

പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തികൾ നടപ്പിലാക്കിയതിലേക്ക് ആകെ ₹62,30,02,263/- (അറുപത്തിരണ്ട് കോടി മുപ്പതു ലക്ഷത്തി രണ്ടായിരത്തി ഇരുന്നൂറ്റി അറുപത്തിമൂന്ന് രൂപ മാത്രം) ചെലവായിട്ടുണ്ട്. അതിൽ ₹21,93,93,998/- (ഇരുപത്തിയൊന്നു കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റിമൂവായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയെട്ടു രൂപ മാത്രം) കരാറുകാർക്ക് SDRF തുകയിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട് എന്നും ചീഫ് എഞ്ചിനീയർ പരാമർശം 11 പ്രകാരം അറിയിച്ചിട്ടുണ്ട്. 2018 ലെ പ്രളയത്തെ തുടർന്ന് നാശം സംഭവിച്ച, ജലസേചനവകുപ്പിന് കീഴിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അടിയന്തര പുനർനിർമാണത്തിനായി കേന്ദ്രസർക്കാരിന്റെ SDRF ഫണ്ടിൽ ഉൾപ്പെടുത്തി 536.27 കോടി രൂപ പരാമർശം 1 ഉത്തരവു പ്രകാരം അനുവദിച്ചിരുന്നു. ഒഴിച്ചുകൂടാൻ ആവാത്തതും അടിയന്തരമായി നിർവഹിക്കേണ്ടതുമാണെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനെ അറിയിച്ച പ്രകാരം, ജലസേചന വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ പുനർനിർമ്മാണത്തിനായി മാത്രം അനുവദിച്ച, SDRF ഫണ്ടിൽ നിന്നുമാണ് പ്രളയാവശിഷ്ടം നീക്കം ചെയ്യുന്ന പ്രവൃത്തി ചെയ്ത വകയിൽ ഇതുവരെ ബിൽ പേയ്മെന്റ് ജലസേചന വകുപ്പ് നടത്തിയിട്ടുള്ളത്.

നദികളിലെ പ്രളയാവശിഷ്ടം നീക്കം ചെയ്ത പ്രവൃത്തികൾക്കായി ഇതുവരെ ഉപയോഗപ്പെടുത്തിയ ഫണ്ട് വിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| SDRF പ്രവൃത്തികൾക്കായി ആകെ ലഭ്യമായ തുക | 536.27 കോടി രൂപ |
| SDRF ഫണ്ടിലേക്ക് തിരികെ ലഭ്യമായ തുക | 9.93 കോടി രൂപ |
| 19/04/2023 വരെ **SDRF** പ്രവൃത്തികൾക്കായി മാത്രം SDRF ൽ നിന്നും ചെലവഴിച്ച തുക | 474.95 കോടി രൂപ |
| 19/04/2023 വരെ ഡീസിൽട്ടേഷൻ പ്രവൃത്തികൾ ചെയ്ത വകയിൽ SDRF- ൽ നിന്നും ചെലവഴിച്ച തുക | 21.93 കോടി രൂപ |
| SDRFഫണ്ടിൽ ഇപ്പോൾ ഉള്ള തുക | 49.30 കോടി രൂപ |
| പ്രളയാവശിഷ്ടം നീക്കം ചെയ്ത പ്രവൃത്തികൾ നടത്തിയ വകയിൽ ഇനി നൽകാൻ ബാക്കിയുള്ള തുക | 40.36 കോടി രൂപ |

പ്രളയാവശിഷ്ടം നീക്കം ചെയ്ത പ്രവൃത്തികൾ നടത്തിയ വകയിൽ ഇനി കരാറുകാർക്ക് നല്കാനുള്ള കുടിശ്ശിക തുക അനുവദിച്ച് നൽകണമെന്ന് പരാമർശം 10 പ്രകാരം ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പ്രളയാവശിഷ്ടം നീക്കം ചെയ്യൽ പ്രവൃത്തികൾ പൂർത്തീകരിച്ച വകയിൽ കരാറുകാർക്ക് നൽകാനുള്ള ₹40,36,08,265/- (നാല്പത് കോടി മുപ്പത്തിയാറു ലക്ഷത്തി എണ്ണായിരത്തി ഇരുന്നൂറ്റി അറുപത്തിയഞ്ചു രൂപ) ചീഫ് എൻജിനീയറുടെ (ജലസേചനവും ഭരണവും) STSB അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയിൽ നിന്നനുവദിച്ചു കൊണ്ടും ടി തുക DMD യുടെ SDRF preparedness fund-ൽ നിന്ന് ചീഫ് എൻജിനീയറുടെ (ജലസേചനവും ഭരണവും) STSB അക്കൗണ്ടിലേക്ക് തിരികെ credit ചെയ്യുന്നതിനും ഉത്തരവാകുന്നു.

കൂടാതെ E-auction-ലൂടെ പ്രളയാവശിഷ്ടം മുഴുവൻ നീക്കം ചെയ്യാൻ കഴിയാത്ത സാഹചര്യത്തിലും കാലവർഷം ആരംഭിക്കാൻ ഇനി ചുരുങ്ങിയ ദിവസങ്ങൾ മാത്രമേയുള്ളൂ എന്നതു പരിഗണിച്ചും ആവശ്യമെങ്കിൽ spot auction വഴി അവശേഷിക്കുന്ന പ്രളയാവശിഷ്ടം dispose ചെയ്യുന്നതിന് അതാത് ജില്ലകളിലെ DDMA മാരെ ചുമതലപ്പെടുത്തികൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വേണു വി ഐഎഎസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും

ചീഫ് എഞ്ചിനീയർ(ജലസേചനവും ഭരണവും), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (24/05/2023 തീയതിയിലെ, എക്സ്പെൻഡീച്ചർ.ഡി3/43/2023/ധന നമ്പർ അഭിപ്രായ കുറിപ്പ് പ്രകാരം)
ദുരന്ത നിവാരണ (എ) വകുപ്പ് (ഫയൽ നം ഡിഎംഡി എ4/167/2022)
പൊതുഭരണ (എസ് സി )വകുപ്പ് (10/05/2023 തീയതിയിലെ, ഇനം നമ്പർ.1517 പ്രകാരം)
വിവര പൊതു ജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന തിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Malini T J
സെക്ഷൻ ഓഫീസർ
Date: 12-05-2023 17:06:03

പകർപ്പ് :-
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

**രഹസ്യം**

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-05-2023

ഫയൽ നം. ഐആർ2/162/2022/ജവിവ.                ഇനം നം: 1517

വിഷയം : ജലവിഭവ വകുപ്പ് - നദികളിൽ അടിഞ്ഞുകൂടിയ പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്തതിനെ തുടർന്ന് കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക ബില്ല് തുക അനുവദിക്കുന്നതിലേക്ക് അടിയന്തരമായി ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ചും ദുരന്താവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനുള്ള കരട് മാർഗ്ഗനിർദ്ദേശം അംഗീകരിക്കുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം (1) അംഗീകരിച്ചു. e-auction വഴി പ്രളയാവശിഷ്ടം മുഴുവൻ dispose ചെയ്യാൻ കഴിയാത്ത സാഹചര്യത്തിലും കാലവർഷം ആരംഭിക്കാൻ ഇനി ചുരുങ്ങിയ ദിവസങ്ങൾ മാത്രമേയുള്ളൂ എന്നതു പരിഗണിച്ചും ആവശ്യമെങ്കിൽ spot-auction വഴി അവശേഷിക്കുന്ന പ്രളയാവശിഷ്ടം dispose ചെയ്യുന്നതിന് DDMA-കളെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു.

(2). തദ്ദേശസ്വയംഭരണ വകുപ്പ്, ദുരന്തനിവാരണ വകുപ്പ്, ജലവിഭവ വകുപ്പ് സെക്രട്ടറിമാരുമായി ചീഫ്സെക്രട്ടറി ചർച്ച ചെയ്ത് പുതുക്കിയ കരട് മാർഗ്ഗനിർദ്ദേശങ്ങൾ മന്ത്രിസഭായോഗം മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

IR2/162/2022-WRD

7234146/2023/WRD(OS)

1517

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഐആർ2/162/2022/ജവിവ |
| 2. | വകുപ്പ് | : | ജലവിഭവ (ഐആർ) വകുപ്പ് |
| 3. | വിഷയം | : | നദികളിൽ അടിഞ്ഞുകൂടിയ പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്തതിനെ തുടർന്ന് കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക ബില്ല് തുക അനുവദിക്കുന്നതിലേക്ക് അടിയന്തരമായി ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ചും ദുരന്താവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനുള്ള കരട് മാർഗ്ഗ നിർദ്ദേശം അംഗീകരിക്കുന്നതും സംബന്ധിച്ച്. |
| 4. | മന്ത്രി സഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 17-04-2023 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ദീപ എൻ.സി. |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ഡോ.വി.വേണു |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 04/05/2023 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 06/05/2023 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 08/05/2023 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 09/05/2023 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

നദികളിൽ അടിഞ്ഞുകൂടിയ പ്രളയാവശിഷ്ടം നീക്കം ചെയ്തതിനെ തുടർന്ന് കരാറുകാർക്ക് നൽകുവാനുള്ള കുടിശിക ബിൽ തുക അനുവദിക്കുന്നതിലേക്ക് അടിയന്തരമായി ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ചും പ്രളയാനന്തരം അടിഞ്ഞുകൂടുന്ന അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനായി തയ്യാറാക്കിയ കരട് മാർഗനിർദ്ദേശം അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ് ഈ കുറിപ്പ്.

2. 2018 ലും അതിനുശേഷം 2019, 2021 വർഷങ്ങളിലും സംസ്ഥാനത്തുണ്ടായ അതിഭീകരമായ വെള്ളപ്പൊക്കത്തിന്റെയും ഉരുൾപൊട്ടലുകളുടെയും ഫലമായി സംസ്ഥാനത്തെ വിവിധ നദികളിലും അവയുടെ കൈവഴികളിലും വളരെയധികം അളവിൽ ചെളിയും എക്കലും മറ്റ് അവശിഷ്ടങ്ങളും അടിയുകയുണ്ടായി. നദികളിൽ നിന്നും ചെളിയും എക്കലും അതുപോലെ പായലും കള- സസ്യങ്ങളും പതിവായി നീക്കം ചെയ്യാതിരിക്കുന്നത് നദികളുടെ ജലം ഉൾക്കൊള്ളുന്നതിനുള്ള കഴിവ് കുറയ്ക്കുകയും നദികളുടെ സ്വാഭാവികമായ ഒഴുക്കിന് തടസ്സം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെ തുടർന്ന് മുൻകാലങ്ങളിൽ വെള്ളപ്പൊക്ക ഭീഷണി ഇല്ലാതിരുന്ന പ്രദേശങ്ങളിൽ പോലും വെള്ളപ്പൊക്കം ഉണ്ടാകുന്ന അവസ്ഥ സംജാതമായി. ഈ അപകടകരമായ അവസ്ഥ തരണം ചെയ്യുന്നതിനായി 14.03.2022 ൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംസ്ഥാനത്തെ നദികളിൽ പ്രളയാനന്തരം അടിഞ്ഞുകൂടിയ എക്കലും ചെളിയും അടിയന്തരമായി അടുത്ത മൺസൂണിന് മുൻപായി മറ്റു സർക്കാർ ഏജൻസികളെ സംയോജിപ്പിച്ചുകൊണ്ടു നീക്കം ചെയ്യുന്നതിന് തീരുമാനമെടുത്തിരുന്നു. നദികളും പൊതുസ്ഥലങ്ങളാണെന്ന വസ്തുതയുടെ അടിസ്ഥാനത്തിലാണ് നദികളിൽ അടിഞ്ഞുകൂടിയിട്ടുള്ള ദുരന്താവശിഷ്ടങ്ങൾ നീക്കം ചെയ്യുവാനുള്ള പ്രവൃത്തി നടപ്പിൽ വരുത്തിയത്.

3. അതേത്തുടർന്ന് ടി പ്രവൃത്തിയുടെ പ്രാധാന്യം കണക്കിലെടുത്ത് പ്രാഥമിക ഘട്ടത്തിൽ സംസ്ഥാനത്തെ നദികളിൽ നിന്നും ദുരന്താവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് 14 ജില്ലകളിലെയും ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺമാരായ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി, 24.03.2022 ലെ സ.ഉ(സാധാ)നം.234/2022/ജവിവ പ്രകാരം ഉത്തരവായിരുന്നു. താഴെ പറയുന്ന

രണ്ട് വിധങ്ങളിൽ ആണ് നദികളിൽ നിന്നും എക്കലും ചെളിയും നീക്കം ചെയ്യുവാൻ തീരുമാനിച്ചത്.

a) MGNREGS പദ്ധതിയുമായി സംയോജിപ്പിച്ച് നീക്കം ചെയ്യൽ,

b) മെക്കാനിക്കൽ രീതിയിൽ നീക്കം ചെയ്യൽ(അതിനായി machinery മുഖേന- വാടകയ്ക്കോ ഡിപ്പാർട്ട്മെന്റ് യന്ത്ര സാമഗ്രികളോ ഉപയോഗിക്കാവുന്നതാണ്)

നീക്കം ചെയ്യുന്ന എക്കലും ചെളിയും നിക്ഷേപിക്കുന്നതിനുള്ള സ്ഥലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതും നീക്കം ചെയ്യുന്ന എക്കലും ചെളിയും അത്തരം സ്ഥലങ്ങളിൽ സുരക്ഷിതമായി ജലസേചനവകുപ്പ് നിക്ഷേപിക്കേണ്ടതുമാണ്.

നീക്കം ചെയ്യപ്പെട്ട സാമഗ്രികളിന്മേലുള്ള തുടർനടപടികൾ സംബന്ധിച്ച ഉത്തരവാദിത്തം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ് എന്നും, നീക്കം ചെയ്യപ്പെട്ട സാമഗ്രികളുടെ വിൽപ്പന ജലസേചനവകുപ്പിന്റെ പരിധിയിൽ വരുന്നതല്ല എന്നും ഉത്തരവായിരുന്നു. MGNREGS മുഖേന അല്ലാതെ നീക്കം ചെയ്യുന്ന സാമഗ്രികൾ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺമാരായ ജില്ലാ കളക്ടർമാർ ലേലം ചെയ്ത് സർക്കാരിൽ നിക്ഷേപിക്കണം എന്നും ഉത്തരവായിരുന്നു.

4. 17/05/2022 ലെ സ.ഉ(സാധാ)നം.442/2022/ഡിഎംഡി നമ്പർ ഉത്തരവ് പ്രകാരം ഇറിഗേഷൻ വകുപ്പിലെ എഞ്ചിനീയർമാർ നിർദ്ദേശിക്കുന്ന നദികളുടെ, വെള്ളം ഉൾക്കൊള്ളുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുന്നതിനായി അവയുടെ നിർദ്ദിഷ്ട ഭാഗങ്ങളിലെ എക്കലും ചെളിയും നീക്കം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ അതാത് ജില്ലകളിലെ DDMA-മാർ സ്വീകരിക്കേണ്ടതാണ്. ഈ പ്രവൃത്തി ജലസേചന വകുപ്പ് എൻജിനീയർമാരുടെ സാങ്കേതിക പരിജ്ഞാനം ഉപയോഗപ്പെടുത്തി ജലസേചന വകുപ്പ് മുഖേന നടപ്പിൽ വരുത്തേണ്ടതാണ്. 2022- ലെ മൺസൂൺ ആരംഭിക്കുന്നതിനു മുൻപ് തന്നെ DDMA ചെയർപേഴ്സൺമാർ ഇപ്രകാരം ലഭിച്ച Silt materials E-auction വഴി ലേലം ചെയ്ത് വിൽക്കേണ്ടതാണ്. ഇത്തരത്തിൽ നീക്കം ചെയ്യപ്പെടുന്ന Silt- ന്റെ ഗുണനിലവാരം അനുസരിച്ചുള്ള തറവില, നദിയുടെ ചുമതലയുള്ള എക്സിക്യൂട്ടീവ് എൻജിനീയർമാർ ലാബ് പരിശോധനയുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കേണ്ടതും ചീഫ് എഞ്ചിനീയറു(ജലസേചനവും

ഭരണവും)-ടെ അംഗീകാരം വാങ്ങി നടപടി സ്വീകരിക്കേണ്ടതാണെന്നും ഉത്തരവായിരുന്നു.

5.നീക്കം ചെയ്ത Silt ലേലം ചെയ്യുന്നതിനായി M/s Metal Scrap Trade Corporation (MSTC) യെ ചുമതലപ്പെടുത്തിയിരുന്നു.

6. ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നിശ്ചയിച്ച തറവില വിപണിവിലയേക്കാൾ കൂടുതലായിരുന്നു. ആയതിനാൽ കാര്യക്ഷമമായ രീതിയിൽ e-auction നടക്കാതെ വന്നു. അതേത്തുടർന്ന് 20/10/2022 ൽ ചീഫ് സെക്രട്ടറി അധ്യക്ഷനായി നടന്ന യോഗത്തിൽ വിപണി വിലയ്ക്ക്, ഭൂപ്രകൃതിയുടെ വ്യത്യാസവും നീക്കം ചെയ്ത മെറ്റീരിയലിന്റെ വ്യത്യാസവും കണക്കിലെടുത്ത് ന്യായമായ തറവില നിശ്ചയിക്കുവാൻ അതാത് ജില്ലകളിലെ DDMA-മാരെ ഏർപ്പെടുത്തിക്കൊണ്ടും e-auction നുവേണ്ടി NIC പ്ലാറ്റ്ഫോമും ഉപയോഗിക്കാം എന്നും തീരുമാനിച്ചു. ജലസേചന എക്സിക്യൂട്ടീവ് എൻജിനീയർമാർ ഇക്കാര്യത്തിൽ മേൽനോട്ടം വഹിക്കാനും തീരുമാനിച്ചു.

7. പ്രളയാവശിഷ്ടം നീക്കം ചെയ്യുന്ന പ്രവൃത്തിയിലൂടെ നാളിതുവരെ നീക്കം ചെയ്ത സിൽറ്റ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ നദികൾ - 43

പ്രളയാവശിഷ്ടം നീക്കം ചെയ്ത നദികൾ- 31
കണക്കാക്കിയ സിൽറ്റിന്റെ അളവ് -3,01,65,570 $m^3$
ആകെ നീക്കം ചെയ്ത സിൽറ്റിന്റെ അളവ്-98,35,939 $m^3$

ശതമാന കണക്ക് -32.61%

e-auction ലൂടെ ലഭിച്ച തുക- 43,87,578/- രൂപ

8. പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തികൾ നടപ്പിലാക്കിയതിലേക്ക് ആകെ 62,30,02,263/- (അറുപത്തിരണ്ട് കോടി മുപ്പതു ലക്ഷത്തി രണ്ടായിരത്തി ഇരുന്നൂറ്റി അറുപത്തി മൂന്ന് രൂപ മാത്രം) രൂപ ചിലവായിട്ടുണ്ടെന്നും അതിൽ 21,93,93,998/- (ഇരുപത്തിഒന്നു കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റിമൂവായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി എട്ടു രൂപ മാത്രം) രൂപ

കരാറുകാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട് എന്നും ചീഫ് എൻജിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 25/01/2019 ലെ സ.ഉ(സാധാ)നം.53/2019/ഡിഎംഡി പ്രകാരം 2018 ലെ പ്രളയത്തെ തുടർന്ന് നാശം സംഭവിച്ച, ജലസേചനവകുപ്പിന് കീഴിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അടിയന്തിര പുനർനിർമാണത്തിനായി, കേന്ദ്രസർക്കാരിന്റെ എസ് ഡിആർഎഫ് ഫണ്ടിൽ ഉൾപ്പെടുത്തി 536.27 കോടി രൂപ അനുവദിച്ചിരുന്നു. ഒഴിച്ചുകൂടാൻ ആവാത്തതും അടിയന്തരമായി നിർവഹിക്കേണ്ടതുമാണെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനെ അറിയിച്ച്, ജലസേചന വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ പുനർനിർമ്മാണത്തിനായി മാത്രം അനുവദിച്ചതാണ് പ്രസ്തുത തുക. പ്രളയാവശിഷ്ടം നീക്കം ചെയ്യുന്ന പ്രവൃത്തി ചെയ്ത വകയിൽ ബിൽ പേയ്മെന്റ് നടത്തുന്നതിനായി വളരെ അടിയന്തര സാഹചര്യത്തിലാണ് SDRF -ൽ നിന്നും തുക എടുക്കേണ്ടി വന്നിട്ടുള്ളത്.

9. 26/05/2022 തീയതിയിലെ ചീഫ് എൻജിനീയറുടെ റിപ്പോർട്ട് പ്രകാരം മെയ് മാസം വരെ പ്രളയാവശിഷ്ടം നീക്കം ചെയ്യുന്നതിന് വേണ്ടിവന്ന SDRF ൽ നിന്നും ചെലവഴിച്ച 10 കോടി രൂപ എസ് ഡിആർഎഫിലേക്ക് recoup ചെയ്യുന്നതിനായി, ഡിഎംഡിയുടെ SDRF (preparedness) ഫണ്ടിൽ നിന്നും, e-auction വഴി തുക ലഭിക്കുമ്പോൾ തിരിച്ചടയ്ക്കാമെന്ന വ്യവസ്ഥയിൽ, 10 കോടി രൂപ അനുവദിക്കുന്നതിലേക്കായി ഫയൽ ഡിഎംഡി വകുപ്പിലേക്ക് അയച്ചപ്പോൾ 07/06/2022 ലെ സ.ഉ.(സാധാ) നം.511/2022/ഡിഎംഡി ഉത്തരവ്, 13/06/2022 ലെ സ.ഉ.(സാധാ) നം.515/2022/ഡിഎംഡി ഉത്തരവ് എന്നിവ പ്രകാരം 9,93,35,390/- രൂപ ചീഫ് എഞ്ചിനീയർക്ക് (ജലസേചനവും ഭരണവും) അനുവദിക്കേണ്ടതിലേക്കായി, ജില്ലാ കളക്ടർമാർക്ക് ദുരന്ത നിവാരണ വകുപ്പിൽനിന്നും അനുവദിച്ചിരുന്നു.

10. 17/05/2022- ലെ സ.ഉ.(സാധാ)നം.442/2022/ഡിഎംഡി ഉത്തരവിൽ ഡിസിൽറ്റേഷൻ പ്രവൃത്തികൾ നദികളിൽ നടത്തേണ്ടത് ജില്ലാ ദുരന്തനിവാരണ അതോറിറ്റി ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിലൂടെ കിട്ടിയ മണലും എക്കലും ലേലം ചെയ്യുന്ന പണം സ്വരൂപിക്കേണ്ടത് ജില്ലാ കളക്ടർ ആണെന്നും ഉത്തരവായിട്ടുണ്ട്. ഇതിന്റെ നടത്തിപ്പിന്റെ സാങ്കേതിക മേൽനോട്ടവും ഏർപ്പാട് ചെയ്യുന്നതും മാത്രമാണ് ജലസേചന വകുപ്പിന്റെ ചുമതല. ഇതിനായി ജലവിഭവ വകുപ്പിന് പണം വകയിരുത്തിയിട്ടില്ല എന്നാൽ അടിയന്തര സാഹചര്യം കണക്കിലെടുത്ത് എസ് ഡി ആർ എഫ് നീക്കിയിരിപ്പിലെ കുറച്ചു തുക ജലസേചന

വകുപ്പ് ചെലവാക്കുകയായിരുന്നു. SDRF പ്രകാരം ഈ വകുപ്പിന് അനുവദിച്ച തുക വകുപ്പിന്റെ അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾക്കായുള്ളതാണ്. പ്രസ്തുത പ്രവൃത്തികൾക്കായി SDRF നീക്കിയിരിപ്പ് പണം ഇതിനകം തന്നെ വിഭാവനം ചെയ്തു കഴിഞ്ഞതാണ്. ആയതിനാൽ ഇതിൽ നടത്തിപ്പ് ചെലവ് വഹിക്കേണ്ടത് ദുരന്തനിവാരണ അതോറിറ്റി ആയതിനാൽ അതിനുള്ള നടപടി സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പിന് (ദുരന്തനിവാരണ വകുപ്പ്) നിർദ്ദേശം നൽകാവുന്നതാണെന്ന ജലവിഭവ വകുപ്പ് മന്ത്രിയുടെ അഭിപ്രായത്തിന്മേൽ, SDRF മായി ബന്ധപ്പെട്ട STSB അക്കൗണ്ടിൽ ഇപ്പോൾ ബാധ്യതകൾ കഴിച്ച് ബാക്കി തുകയുണ്ടെങ്കിൽ ഡീസിൽട്ടേഷന് ഉപയോഗിക്കുവാനും കൂടുതൽ ആവശ്യമായി വരുന്ന തുക SDRF-ൽ നിന്നും അധികമായി അനുവദിക്കുവാൻ കഴിയുമോ എന്നും പരിശോധിച്ച് റവന്യൂ വകുപ്പിന്റെ അഭിപ്രായം ഉൾപ്പെടെ ഫയൽ സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

11. ദുരന്തത്തിന്റെ ഫലമായി ഉണ്ടാകുന്ന അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് രേഖപ്പെടുത്തിയ എല്ലാ തീരുമാനങ്ങളും 2005 ലെ ദുരന്തനിവാരണ ആക്ടിലെ സെക്ഷനുകൾ 18(3), 24, 50 എന്നിവ പ്രകാരം സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർപേഴ്സൺ/CEO എന്ന നിലയിൽ ചീഫ് സെക്രട്ടറിയ്ക്കും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ എന്ന നിലയിൽ മുഖ്യമന്ത്രിക്കും ലഭ്യമായിട്ടുള്ള അധികാരത്തിൻ പ്രകാരമായിരിക്കും കൈക്കൊള്ളുന്നത്.

12. ഈ വിഷയം ദുരന്തനിവാരണ വകുപ്പിൽ നിന്നും 08/02/2023-ൽ കൂടിയ ചീഫ് സെക്രട്ടറി ചെയർപേഴ്സൺ ആയിട്ടുള്ള സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി പരിശോധിച്ചു, പ്രസ്തുത മീറ്റിംഗിന്റെ നടപടിക്കുറിപ്പിലെ പ്രധാന തീരുമാനങ്ങളിൽ ഒന്ന് താഴെ കൊടുക്കുന്നു.

"In the circumstances, the matter of settlement of pending bills along with modified policy/procedure of de-siltation of rivers may be submitted for orders of competent authority urgently."

13. നദികളിലെ പ്രളയാവശിഷ്ടം നീക്കം ചെയ്ത പ്രവൃത്തികൾക്കുള്ള ബിൽ തുക നൽകാത്തതുമായി ബന്ധപ്പെട്ട് കരാറുകാർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 5 കോടതി അലക്ഷ്യ കേസുകൾ ഇപ്പോൾ നിലവിലുണ്ട്. ഈ കേസുകളിൽ

അടിയന്തരമായി തുക അനുവദിച്ച നൽകുവാൻ കോടതിയിൽ നിന്നും സർക്കാരിന് അന്ത്യശാസനം നൽകിയിട്ടുള്ളതാണ്.

14. നദികളിലെ പ്രളയാവശിഷ്ടം നീക്കം ചെയ്ത പ്രവൃത്തികൾക്കായി ഇതുവരെ ഉപയോഗപ്പെട്ടുത്തിയ ഫണ്ട് വിവരങ്ങൾ താഴെ കൊടുക്കുന്നു.

SDRF പ്രവൃത്തികൾക്കായി ആകെ ലഭ്യമായ തുക - 536.27 കോടി

SDRF ഫണ്ടിലേക്ക് തിരികെ ലഭ്യമായ തുക - 9.93 കോടി

19/04/2023 വരെ ഡീസിൽട്ടേഷനു മാത്രമായി ചെലവായ തുക -21.93 കോടി

19/04/2023 വരെ SDRF പ്രവൃത്തികൾക്കായി മാത്രം ചെലവായ തുക - 474.95 കോടി

SDRF ഫണ്ടിൽ ഇപ്പോൾ ഉള്ള തുക - 49.30 കോടി

പ്രളയാവശിഷ്ടം നീക്കം ചെയ്ത പ്രവൃത്തികൾ നടത്തിയ വകയിൽ ഇനി നൽകാൻ ബാക്കിയുള്ള തുക - 40.36 കോടി

15. കരാറുകാർക്ക് നൽകുവാനുള്ള കുടിശിക ബില്ല് തുക അനുവദിക്കുന്ന കാര്യത്തിൽ ധനകാര്യവകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"Finance department concurs to utilize Rs.40.36 crore lying in the STSB account of CE, Irrigation for clearing the river desiltation liabilities and for completion of ongoing SDRF works which has already approved in the SEC.

This has the approval of Hon'ble Min(Fin)".

16. പ്രളയാവശിഷ്ടം നീക്കം ചെയ്ത പൂർത്തീകരിച്ച പ്രവൃത്തികൾക്കുള്ള കുടിശ്ശിക ബില്ല് തുക അനുവദിക്കുന്ന കാര്യവും പ്രളയാനന്തരം നദികളിൽ അടിഞ്ഞുകൂടിയ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് കൃത്യമായ മാർഗനിർദ്ദേശം പുറപ്പെടുവിക്കുന്ന വിഷയവും മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## <u>തീരുമാനിക്കേണ്ട വിഷയം</u>

1. ധനകാര്യ വകുപ്പ് അംഗീകരിച്ച പ്രകാരം പ്രളയാവശിഷ്ടം നീക്കം ചെയ്യൽ പ്രവൃത്തികൾ പൂർത്തീകരിച്ച വകയിൽ കരാറുകാർക്ക് നൽകാനുള്ള Rs.40,36,08,265/ - (നാല്പത് കോടി മുപ്പത്തിയാറു ലക്ഷത്തി എണ്ണായിരത്തി ഇരുന്നൂറ്റി അറുപത്തി അഞ്ചു രൂപ) ചീഫ് എൻജിനീയറുടെ (ജലസേചനവും ഭരണവും) എസ് ടി എസ് ബി അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയിൽ നിന്നും

അനുവദിക്കാമോ? അങ്ങനെയെങ്കിൽ അപ്രകാരം അനുവദിക്കുന്ന തുക ദുരന്ത നിവാരണ വകുപ്പിന്റെ SDRF Preparedness ൽ നിന്നും തിരികെ ലഭ്യമാക്കാമോ?

2. പ്രളയാനന്തരം നദികളിൽ നിന്നുള്ള അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനായി തയ്യാറാക്കിയ കരട് മാർഗ്ഗനിർദ്ദേശം (അനുബന്ധമായി ചേർക്കുന്നു) അംഗീകരിക്കാമോ ?

## ദുരന്ത അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനുള്ള കരട് മാർഗ്ഗനിർദേശങ്ങൾ

പ്രളയാനന്തരം നദികൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ അടിഞ്ഞുകൂടുന്ന ദുരന്താവശിഷടങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നിയമപരമായ അധികാരം ദുരന്ത നിവാരണ നിയമം, 2005 സെക്ഷൻ 34 ലാണ് നിഷ്കർഷിച്ചിട്ടുള്ളത്.

***34 ) For the purpose of assisting, protecting or providing relief to the community in response to any threatening disaster situation, the District Authority may ,***
***d) remove debris, conduct search and carry out rescue operation.***

SDRF/NDRF ൽ നിന്നും ദുരന്തവുമായി ബന്ധപ്പെട്ട് ധന വിനിയോഗം നടത്തുന്നതിനായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൻെറ 8/4/2015 ലെ 32-7/2014-NDM-1 നമ്പർ കത്ത് പ്രകാരം വ്യക്തമായ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത കത്തിൻെറ അടിസ്ഥാനത്തിൽ കേരള സർക്കാർ G.O.(MS)194/2015/DMD dated 20/5/2015 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ ഇനം 4 (a) താഴെപ്പറയുന്നു.

4) clearance of affected areas

| | |
|---|---|
| a) clearance of debris in public areas | As per actual cost within 30 days from the date of start of the work based on assessment of need by SEC for the assistance to be provided under SDRF and as per assessment of the central team for assistance to be provided under NDRF. |

ദുരന്താനന്തര അവശിഷ്ടങ്ങൾ പ്രതിഫലദായകമായി ഉപയോഗപ്പെടുത്തുന്ന നടപടികളെക്കുറിച്ച് കേരള സംസ്ഥാനദുരന്ത നിവാരണ അതോറിറ്റി 2005-ലെ ഡിഎം ആക്ട് പ്രകാരം യാതൊരുവിധ നയപരമായ തീരുമാനവും കൈക്കൊണ്ടിട്ടില്ല. പൊതു-സ്വകാര്യ ഭൂമിയിൽ ദുരന്ത ശേഷം 30 മുതൽ 90 ദിവസത്തിനപ്പുറം അവശിഷ്ടങ്ങൾ സൂക്ഷിക്കുന്നത് വേഗത്തിലുള്ള പുനർനിർമ്മാണ തത്വത്തിന് എതിരാണ്. പൊതു/സ്വകാര്യ ഭൂമിയിൽ ദുരന്തം കഴിഞ്ഞ് മൂന്ന് മാസത്തിനു ശേഷവും അവശിഷ്ടങ്ങൾ നീക്കം ചെയ്യാതിരിക്കുന്നത് ദുരന്ത ബാധിതരും അല്ലാത്തതുമായ പൊതുജനത്തിന് കടുത്ത അസൗകര്യം ഉണ്ടാക്കും എന്നതുകൊണ്ടും ക്ഷിപ്രമായ പുനർ നിർമ്മാണ പ്രവർത്തനങ്ങളെ ഇത് ബാധിക്കുമെന്നതുകൊണ്ടും ദുരന്തത്തിൻെറ അനന്തര ഫലമെന്നോണം അടിഞ്ഞുകൂടുന്ന അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ദുരന്ത നിവാരണ നിയമം സെക്ഷൻ 22(2)(0) പ്രകാരം പുറപ്പെടുവിക്കുന്നു.

1) പൊതു ഇടങ്ങളിൽ നിന്നും ദുരന്ത അവശിഷ്ടങ്ങൾ നീക്കുന്നത് ദുരന്ത നിവാരണ നിയമം, 2005, വകുപ്പ് 69 പ്രകാരം ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. അപ്രകാരം നീക്കം ചെയ്യപ്പെട്ട സാമഗ്രികൾ on-site - വില്പന,

spot auction എന്നിവയിലൂടെയും വ്യക്തികളുടെ കാർഷികമോ ഗാർഹികമോ ആയ മറ്റാവശ്യങ്ങൾക്ക് ഉചിതമായ രീതിയിൽ സുതാര്യവും മത്സരാധിഷ്ഠിത പ്രക്രിയയിലൂടെ നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപന അധികാരികൾക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന തുക അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കേണ്ടതാണ്.

2) സ്വകാര്യവ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ അവരുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ, ദുരന്ത അവശിഷ്ടങ്ങൾ സ്വന്തം ചെലവിൽ നീക്കം ചെയ്യുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്. സ്വകാര്യ വ്യക്തിക്ക് സ്ഥാപനത്തിന് സ്വന്തം നിലയിൽ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് ബുദ്ധിമുട്ട് ഉള്ള പക്ഷം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സമീപിക്കേണ്ടതാണ്.

3) സ്വകാര്യ / പൊതു ഇടങ്ങളിൽ നിന്നും ദുരന്ത അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനായി ആവശ്യം ഉന്നയിക്കപ്പെട്ടപ്പോൾ സാങ്കേതികമായോ സങ്കീർണ്ണമായതോ ആയ ഒരു സാഹചര്യം ഉടലെടുക്കുന്ന പക്ഷം പ്രശ്ന പരിഹാരത്തിന് പദ്ധതിയും ഒരു എസ്റ്റിമേറ്റും തയ്യാറാക്കുന്നതിലേക്കായി താഴെപ്പറയുന്ന പ്രകാരം ഒരു സമിതി രൂപീകരിക്കാവുന്നതാണ്.

പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറി – കൺവീനർ
വില്ലേജ് ഓഫീസർ – മെമ്പർ
അതാത് സ്ഥലത്തിന്റെ ചുമതലയുള്ള ജലസേചന വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് –(മൈനർ ഇറിഗേഷൻ) എഞ്ചിനീയർ – മെമ്പർ
പൊതുമരാമത്ത് വകുപ്പിൽനിന്നുള്ള എഞ്ചിനീയർ – മെമ്പർ
തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയർ – മെമ്പർ

4) ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക വിനിയോഗിക്കുവാൻ അംഗീകാരം ഉള്ള ദുരന്തത്തിൽ (https://sdma.kerala.gov.in/notified-disasters/), ദുരന്തം ബാധിച്ചതായി വിജ്ഞാപനം ചെയ്യപ്പെട്ടുന്ന വില്ലേജുകളിൽ (വില്ലേജുകളിലെ പുഴകളിലും, ചാലുകളിലും, കനാലുകളിലും, കായലുകളിലും, കോൾ പാടങ്ങളിലും, പാട ശേഖരങ്ങളിലും, കുളങ്ങളിലും, റോഡുകളിലും, മറ്റ് പൊതു ഇടങ്ങളിലും, സ്വകാര്യ വ്യക്തികളുടെ പറമ്പുകളിലും) മാത്രമായിരിക്കും ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 34 (ഡി) അനുസരിച്ച് അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് അനുമതി.

5) ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക വിനിയോഗിക്കുവാൻ അംഗീകാരം ഉള്ള ദുരന്തത്തിൽ (https://sdma.kerala.gov.in/notified-disasters/), ദുരന്തം ബാധിച്ചതായി വിജ്ഞാപനം ചെയ്യപ്പെട്ടുന്ന വില്ലേജുകളിൽ പരമാവധി 6 മാസത്തിനുള്ളിൽ ദുരന്ത അവശിഷ്ടങ്ങൾ (കല്ല്, മണ്ണ്, ചെളി, മണൽ, എക്കൽ, തടി, മറ്റ് ജൈവ-അജൈവ മാലിന്യങ്ങൾ) നീക്കം ചെയ്യേണ്ടതാണ്. ഈ സമയ പരിധിക്ക് ശേഷം നടത്തുന്ന പ്രവൃത്തികൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക അനുവദിക്കാൻ പാടുള്ളതല്ല. എന്നാൽ, പ്രവൃത്തി ആരംഭിക്കുകയും, നിയന്ത്രണാതീതമായ കാരണങ്ങളാൽ പ്രവൃത്തിയിൽ കാലതാമസം നേരിടുകയും ചെയ്യുകയാണെങ്കിൽ ഇതിലേക്കായി പുതിയ സമയക്രമം നിശ്ചയിച്ച് പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി ഗ്രാമ-പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ അനുമതി തേടുകയും ചെയ്യേണ്ടതാണ്.

6) ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക വിനിയോഗിക്കുവാൻ അംഗീകാരം ഉള്ള ദുരന്തത്തിൽ (https://sdma.kerala.gov.in/notified-disasters/), ദുരന്തം ബാധിച്ചതായി വിജ്ഞാപനം ചെയ്യിട്ടുള്ള വില്ലേജുകളിൽ, അനുവദനീയമായ സമയത്തിനുള്ളിൽ നീക്കം ചെയ്യുന്ന ദുരന്താനന്തര അവശിഷ്ടങ്ങളിൽ നിന്നും വരുമാനം ഉണ്ടാക്കണം എന്ന നിബന്ധന ഇല്ല എന്ന് വ്യക്തമാക്കുന്നു.

7) ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക വിനിയോഗിക്കുവാൻ അംഗീകാരം ഉള്ള ദുരന്തത്തിൽ (https://sdma.kerala.gov.in/notified-disasters/), ദുരന്തം ബാധിച്ചതായി വിജ്ഞാപനം ചെയ്യിട്ടുള്ള വില്ലേജുകളിൽ, ദുരന്ത അവശിഷ്ടങ്ങൾ നീക്കുന്നതിന് ആവശ്യമായ വലിയ വാഹനങ്ങൾ, ഉപകരണങ്ങൾ എന്നിവ ആവശ്യമായി വന്നാൽ ഗ്രാമ-പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിക്ക് SDRF-ൽ നിന്നും തുക ചിലവഴിക്കാൻ അനുവാദം നൽകുന്നു. ഓറഞ്ച് ബുക്കിൽ ഓരോ വാർഡിനും ദുരന്ത അവശിഷ്ടങ്ങൾ നീക്കുന്നതിന് നിശ്ചിത തുക വകയിരുത്തിയിട്ടുണ്ട്. ഈ തുക പുനർ നിർണ്ണയിക്കാവുന്നതുമാണ്. [ഉദാഹരണം: Orange Book 2022, Section 5.4.1 "അംഗീകൃത ദുരന്തം ബാധിച്ച തദ്ദേശ സ്ഥാപനങ്ങളിൽ ഗ്രാമ പഞ്ചായത്ത് വാർഡ് ഒന്നിന് 25,000 രൂപ, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വാർഡ് ഒന്നിന് 50,000 രൂപ എന്ന നിലയിൽ ജില്ലകൾക്ക് 2245-02-101-94-Flood-Other items ൽ നിന്നും വഹിക്കാവുന്നതാണ്"].

8) മേൽ പ്രതിപാദിച്ചതിൽ അധികമായി ഒരു ഗ്രാമ-പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ തുക വേണ്ടി വന്നാൽ ആവശ്യമായ തുക നിർണ്ണയിച്ച് SDRF-ൽ നിന്നും ലഭിക്കുന്നതിന് ഗ്രാമ-പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയോട് ആവശ്യം ഉന്നയിക്കുക.

9) സ്വകാര്യ സ്ഥല ഉടമയ്ക്ക് അവരുടെ സ്വന്തം ഭൂമിയിൽ നിന്നും ദുരന്ത അവശിഷ്ടം നീക്കം ചെയ്യാൻ കഴിയില്ല എന്ന് രേഖാമൂലം അറിയിച്ചാൽ, ദുരന്ത അവശിഷ്ടങ്ങൾ മാറ്റുന്നതിന് അതാത് പഞ്ചായത്ത് തൊഴിലുറപ്പ് പ്രവർത്തി ദിനങ്ങൾ ഉപയോഗപ്പെടുത്തി സ്വകാര്യ ഭൂമിയിലും/വീടുകളിലും വീണ ദുരന്ത അവശിഷ്ടങ്ങൾ (കല്ല്, മണ്ണ്, ചെളി, മണൽ, എക്കൽ, തടി, മറ്റ് ജൈവ-അജൈവ മാലിന്യങ്ങൾ) നീക്കം ചെയ്ത്, ഒരു പൊതു സ്റ്റോറേജ് യാർഡിൽ നിക്ഷേപിക്കുക. ഇത്തരത്തിൽ നിക്ഷേപിച്ച ദുരന്ത അവശിഷ്ടങ്ങളുടെ (കല്ല്, മണ്ണ്, ചെളി, മണൽ, എക്കൽ, തടി, മറ്റ് ജൈവ-അജൈവ മാലിന്യങ്ങൾ) വില്പനയിലൂടെ ലഭിക്കുന്ന വരുമാനം ഗ്രാമ-പഞ്ചായത്തിന്/മുനിസിപ്പാലിറ്റിക്ക്/കോർപ്പറേഷന് വരുമാനമായി മുതൽ കൂട്ടുക. ഇത്തരം ദുരന്ത അവശിഷ്ടങ്ങൾ മാറ്റുന്നതിന് വാഹനങ്ങളും, ഉപകരണങ്ങളും, യന്ത്രങ്ങളും, തൊഴിലാളികളും ആവശ്യമാണെങ്കിൽ ആയതിനായി ഓറഞ്ച് ബുക്കിൽ SDRF-ൽ നിന്നും ഗ്രാമ-പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷന് അനുവദിച്ചിട്ടുള്ള മൊത്തം തുകയിൽ അധികരിക്കാതെ ചെലവഴിക്കാം.

# GOVERNMENT OF KERALA
# (SHRI. PINARAYI VIJAYAN MINISTRY)
## Note for the Council of Ministers

| | | | |
|---|---|---|---|
| 1. | File No. | | IR2/162/2022/WRD |
| 2. | Department | | Water Resources (IR) Department |
| 3. | Subject | | Request for sanctioning of funds for clearing the pending bills of contractors for the completed debris removal works of Rivers and approval of draft guidelines governing the post- disaster removal of debris from rivers - Reg |
| 4. | Date of Chief Minister's order for placing before the Council | | 17-04-2023 |
| 5 | (i) | Does the case involve financial commitments/ implications | Yes |
| | (ii) | If the answer to the above is in the affirmative, whether Finance Dept. been consulted and their remarks incorporated in the Council Note. | Yes |
| 6. | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | | Yes<br>No |
| 7. | Name of Deputy Secretary who submitted the Draft Note. | | Smt.Deepa N.C |
| 8. | Name of Secretary who approved the Draft Note. | | Dr.V.Venu |
| 9. | Date of approval of the Draft note for the Council by the Secretary | | 04/05/2023 |
| 10. | Name of Chief Secretary who approved the Draft Note. | | Dr.V.P.Joy |
| 11. | Date of approval of the Draft Note for the Council by the Chief Secretary. | | 06/05/2023 |
| 12. | Name of Minister who approved the Draft note. | | Sri.Roshy Augustine |
| 13. | Date of approval of the Draft Note for the Council by the Minister | | 08/05/2023 |
| 14. | Date of Submission of Fair Copies | | 09/05/2023 |
| 15. | Date of decision by the Council of Ministers. | | |
| 16. | Number and date of the G.O./letter communicating the decision. | | |

# Notes for the Council of Ministers

This note relates to the sanctioning of funds for clearing the pending bills in connection with the works for the clearance of debris carried out in rivers and the approval of draft guidelines for the post-disaster removal of debris from rivers.

2. The devastating flood of 2018 and subsequent floods in the following years of 2019 and 2021 accompanied with numerous landslides have made large quantities of silt and biomass deposit in rivers and its tributaries in the state. In the absence of regular cleaning of silt and debris, weed growth etc, the water holding capacity of rivers have been reduced which decreased the rate of flow of water in the rivers. This created floods in those areas which were earlier not prone to flood. In the meeting held on 14/03/2022 chaired by the Honble Chief Minister, it has been decided to remove the debris and silt from the rivers with the cooperation of different Government agencies before the onset of next monsoon 2022. It is based on the fact that "Rivers are public area", that the debris clearance activity was undertaken in the rivers of the state.

3) As per GO (Rt) 234/2022/WRD dated 24/03/2022, the Chairpersons of the 14 districts were directed to take immediate action for the removal of silt and debris from all the rivers in the state at first. It was decided to complete the process of clearing of debris in the following two ways.

a) removal of silt and sand manually by integrating it into MGNREGS project,
b) removal of sand and silt by using Machinery (for the purpose of this machinery can be obtained on rent or machinery available in the department can be used)

LSGDs have to identify the site required for depositing the debris and Irrigation department has to deposit them safely in those sites. The selling of the debris is not coming under the responsibility of the Irrigation Department. LSGDs were entrusted to take further action on the silt thus deposited.

In the case of materials not obtained through MGNREGS, it is the responsibility of the Chairperson of DDMA and District Collectors to sell the desilted materials through E-auction and deposit the amount to Government account.

4) As per GO (Rt) 442/2022/DMD dated, 17/05/2022, the DDMAs shall take all necessary steps to clear the debris in those stretches of rivers as identified by the Engineers of Irrigation Department to improve the water carrying capacity of rivers. The extent of silt to be removed shall be as ascertained by the Engineers of Irrigation Department with their technical expertise. The work shall be executed by the Irrigation Department. E-auction and disposal of silt shall be carried out by DDMA Chairpersons quickly well before the onset of monsoon 2022. The minimum floor price for the auction of silt (based on quantity) may be fixed by the Executive Engineers concerned based on lab results and same may be approved by the Chief Engineer (I&A).

5) M/s Metal Scrap Trading Corporation (MSTC) has been engaged as facilitator for conducting E-auction.

6) The floor price fixed by the Chief Engineer was very high as compared to the prevailing market price. So the auction could not be carried out in an effective manner. In the meeting held on 20/10/2022, chaired by the Chief Secretary, it was decided to entrust DDMA Chairpersons to fix the floor price of

the silt materials for e-auction in reasonable price considering the geophysical variations and differences in the composition of material and to utilize the NIC E-auction platform for facilitating the auction of the material. The Executive Engineers were entrusted to Supervise and ensure the process for the successful completion of the work.

7) The details of silt removed from the rivers as of now are as follows:

| | |
|---|---|
| Total Rivers for the clearing the debris | : 43 |
| Total rivers in which clearance of debris completed | : 31 |
| Estimated quantity for the clearance of debris | : 3,01,65,570 m3 |
| Total silt removed | : 98,35,939 m3 |
| Percentage | : 32.61% |
| Total fund received | : 43,87,578/- |

8) As per the report of Chief Engineer an amount of Rs.62,30,02,263/- (Rupees Sixty two crore thirty lakh two thousand two hundred and sixty three only) has been expended for the clearance of debris and Rs.21,93,93,998/- (Rupees Twenty One crore Ninety three lakhs Ninety Three Thousand Nine Hundred and Ninety Eight only) was released to the Contractors for the completed works. At an emergency situation, the Chief Engineer has released the amount for the payment of bills for the clearance of debris from the SDRF which is specifically allotted for the reconstruction of infrastructure of the Irrigation Department damaged during the flood of 2018. As per G.O(Rt)53/2019/DMD dated 25/01/2019, an amount of Rs.536.27 Crores was earmarked from the SDRF for the reconstruction of the infrastructure of the Irrigation Department damaged during the floods of 2018. SDRF was allotted to the State for the specific works which are urgently required and inevitable to immediately restore the damages caused in the floods during 2018.

9) As reported by the Chief Engineer in his letter dated 26/05/2022, the DMD was requested for granting Rs. 10 Crore from SDRF preparedness fund to recoup under SDRF which was utilised till 05/2022, so that the department has utilised the same for completing the works of clearance of debris from rivers before the onset of monsoon and the said amount can be recouped to the Government once auction process are completed. The DMD has sanctioned an amount of Rs.9,93,35,390/- to District Collectors to allot the amount to the Chief Engineer, Irrigation & Administration as per G.O(Rt)511/2022/DMD dated, 07/06/2022 and G.O(Rt)515/2022/DMD dated, 13/06/2022.

10) As per GO(Rt)No.442/2022/DMD dated, 17/05/2022, it is clarified that the desiltation works in rivers are to be executed by DDMAs concerned and District Collectors are entrusted to dispose the soil through auction. Irrigation department officers were entrusted to offer technical assistance for the work. They were also entrusted to supervise the work. But Irrigation department was not given any separate funds for the same. But in view of the emergency situation prevailed, Irrigation department utilised the money kept under their SDRF savings. The amount allotted to Irrigation Department from SDRF is for the completion of immediate restoration works and department had already committed to complete those works. Therefore Hon'ble Minister, Water Resource Department had suggested that separate amount may be sanctioned to Irrigation Department for this purpose. The Hon'ble Chief Minister had ordered to utilize the amount kept in the STSB account pertaining to SDRF for clearing the liabilities in this regard and he further ordered to get the remarks of Revenue Department (Disaster Management Department) as to whether the additional amount may be sanctioned for the works from SDRF.

11) All recorded decisions related to debris removal where in excesise of powers vested vide Disaster Management Act 2005 under Section 18(3), 24 and

Section 50 upon Chief Secretary as Executive Officer and Chairperson of State Executive Committee of State Disaster Management Authority and Chief Minister as Chairman of State Disaster Management Authority.

12) The matter was placed before the SEC headed by Chief Secretary held by the Disaster Management Department on 08/02/2023 and one of the major decisions taken as per the minutes of the committee is as follows:-

"In the circumstances the matter of settlement of pending bills along with modified policy/procedure of desiltation of rivers may be submitted for orders of competent authority urgently".

13) There are 5 contempt of court petitions filed by the contractors regarding the works of clearance of debris pending disposal before the Hon'ble High Court and the Hon'ble court had directed Government to clear the pending bills due to them very urgently.

14) The amount sanctioned/utilized for disaster relief works using SDRF are as follows.

| | |
|---|---|
| Amount allotted for SDRF works | : 536.27 Cr. |
| Amount re-couped to SDRF | : 9.93 Cr. |
| Amount utilized for works for the clearance of debris from river till 19/04/2023 | :21.93 Cr. |
| Amount utilised for Completing SDRF Work | : 474.95 Cr. |
| Amount lying in SDRF | : 49.30 Cr. |
| Amount required for clearing bills for the works of clearance of debris | : 40.36 Cr. |

15) In the matter of sanctioning the bills in respect of the work of clearing

of debris already carried out, Finance Department remarked as follows.

*"Finance department concurs to utilize Rs.40.36 crore lying in the STSB account of CE, Irrigation for clearing the river desiltation liabilities and for completion of ongoing SDRF works which has already approved in the SEC. This has the approval of Hon'ble Min(Fin)"*

16)The Hon'ble Chief Minister had ordered to place the matter of clearing the pending bills of the works for the clearance of debris from rivers and the matter of framing necessary guidelines before the Council of Ministers.

## Point for decision

1. As concurred by Finance Department an amount of Rs.40,36,08,265/- (Rupees Forty Crore Thirty Six lakh Eight Thousand Two Hundred and Sixty Five only) lying in the STSB account of Chief Engineer (I&A) may be sanctioned for clearing the pending bills for the works done for the clearance of debris already performed and the same amount may be recouped to the Water Resources Department from the SDRF preparedness fund.

2. The draft guidelines for the post -disaster removal of debris from rivers (appended below) may be approved.

<u>ദുരന്ത അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനുള്ള കരട് മാർഗ്ഗനിർദ്ദേശങ്ങൾ</u>

പ്രളയാനന്തരം നദികൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ അടിഞ്ഞുകൂടുന്ന ദുരന്താവശിഷടങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നിയമപരമായ അധികാരം ദുരന്ത നിവാരണ നിയമം, 2005 സെക്ഷൻ 34 ലാണ് നിഷ്കർഷിച്ചിട്ടുള്ളത്.

***34 ) For the purpose of assisting, protecting or providing relief to the community in response to any threatening disaster situation, the District Authority may ,***
***d) remove debris, conduct search and carry out rescue operation.***

SDRF/NDRF ൽ നിന്നും ദുരന്തവുമായി ബന്ധപ്പെട്ട് ധന വിനിയോഗം നടത്തുന്നതിനായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 8/4/2015 ലെ 32-7/2014-NDM-1 നമ്പർ കത്ത് പ്രകാരം വ്യക്തമായ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ G.O.(MS)194/2015/DMD dated 20/5/2015 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ ഇനം 4 (a) താഴെപ്പറയുന്നു.

4) clearance of affected areas

| | |
|---|---|
| a) clearance of debris in public areas | As per actual cost within 30 days from the date of start of the work based on assessment of need by SEC for the assistance to be provided under SDRF and as per assessment of the central team for assistance to be provided under NDRF. |

ദുരന്താനന്തര അവശിഷ്ടങ്ങൾ പ്രതിഫലദായകമായി ഉപയോഗപ്പെടുത്തുന്ന നടപടികളെക്കുറിച്ച് കേരള സംസ്ഥാനദുരന്ത നിവാരണ അതോറിറ്റി 2005-ലെ ഡിഎം ആക്ട് പ്രകാരം യാതൊരുവിധ നയപരമായ തീരുമാനവും കൈക്കൊണ്ടിട്ടില്ല. പൊതു-സ്വകാര്യ ഭൂമിയിൽ ദുരന്ത ശേഷം 30 മുതൽ 90 ദിവസത്തിനപ്പുറം അവശിഷ്ടങ്ങൾ സൂക്ഷിക്കുന്നത് വേഗത്തിലുള്ള പുനർനിർമ്മാണ തത്വത്തിന് എതിരാണ്. പൊതു/സ്വകാര്യ ഭൂമിയിൽ ദുരന്തം കഴിഞ്ഞ് മൂന്ന് മാസത്തിനു ശേഷവും അവശിഷ്ടങ്ങൾ നീക്കം ചെയ്യാതിരിക്കുന്നത് ദുരന്ത ബാധിതരും അല്ലാത്തതുമായ പൊതുജനത്തിന് കടുത്ത അസൗകര്യം ഉണ്ടാക്കും എന്നതുകൊണ്ടും ക്ഷിപ്രമായ പുനർ നിർമ്മാണ പ്രവർത്തനങ്ങളെ ഇത് ബാധിക്കുമെന്നതുകൊണ്ടും ദുരന്തത്തിന്റെ അനന്തര ഫലമെന്നോണം അടിഞ്ഞുകൂടുന്ന അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് താഴെ പ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ദുരന്ത നിവാരണ നിയമം സെക്ഷൻ 22(2)(0) പ്രകാരം പുറപ്പെടുവിക്കുന്നു.

1) പൊതു ഇടങ്ങളിൽ നിന്നും ദുരന്ത അവശിഷ്ടങ്ങൾ നീക്കുന്നത് ദുരന്ത നിവാരണ നിയമം, 2005, വകുപ്പ് 69 പ്രകാരം ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. അപ്രകാരം നീക്കം ചെയ്യപ്പെട്ട സാമഗ്രികൾ on-site - വില്പന,

spot auction എന്നിവയിലൂടെയും വ്യക്തികളുടെ കാർഷികമോ ഗാർഹികമോ ആയ മറ്റാവശ്യങ്ങൾക്ക് ഉചിതമായ രീതിയിൽ സുതാര്യവും മത്സരാധിഷ്ഠിത പ്രക്രിയയിലൂടെ നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപന അധികാരികൾക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന തുക അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൻെറ അക്കൗണ്ടിലേക്ക് നിക്ഷേപിക്കേണ്ടതാണ്.

2) സ്വകാര്യവ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ അവരുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ, ദുരന്ത അവശിഷ്ടങ്ങൾ സ്വന്തം ചെലവിൽ നീക്കം ചെയ്യുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്. സ്വകാര്യ വ്യക്തിക്ക് സ്ഥാപനത്തിന് സ്വന്തം നിലയിൽ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് ബുദ്ധിമുട്ട് ഉള്ള പക്ഷം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സമീപിക്കേണ്ടതാണ്.

3) സ്വകാര്യ / പൊതു ഇടങ്ങളിൽ നിന്നും ദുരന്ത അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനായി ആവശ്യം ഉന്നയിക്കപ്പെടുമ്പോൾ സാങ്കേതികമായോ സങ്കീർണ്ണമായതോ ആയ ഒരു സാഹചര്യം ഉടലെടുക്കുന്ന പക്ഷം പ്രശ്ന പരിഹാരത്തിന് പദ്ധതിയും ഒരു എസ്റ്റിമേറ്റും തയ്യാറാക്കുന്നതിലേക്കായി താഴെപ്പറയുന്ന പ്രകാരം ഒരു സമിതി രൂപീകരിക്കാവുന്നതാണ്.

പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറി – കൺവീനർ
വില്ലേജ് ഓഫീസർ – മെമ്പർ
അതാത് സ്ഥലത്തിന്റെ ചുമതലയുള്ള ജലസേചന വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് – (മൈനർ ഇറിഗേഷൻ) എഞ്ചിനീയർ – മെമ്പർ
പൊതുമരാമത്ത് വകുപ്പിൽനിന്നുള്ള എഞ്ചിനീയർ – മെമ്പർ
തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയർ – മെമ്പർ

4) ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക വിനിയോഗിക്കുവാൻ അംഗീകാരം ഉള്ള ദുരന്തത്തിൽ (https://sdma.kerala.gov.in/notified-disasters/), ദുരന്തം ബാധിച്ചതായി വിജ്ഞാപനം ചെയ്യപ്പെടുന്ന വില്ലേജുകളിൽ (വില്ലേജുകളിലെ പുഴകളിലും, ചാലുകളിലും, കനാലുകളിലും, കായലുകളിലും, കോൾ പാടങ്ങളിലും, പാട ശേഖരങ്ങളിലും, കുളങ്ങളിലും, റോഡുകളിലും, മറ്റ് പൊതു ഇടങ്ങളിലും, സ്വകാര്യ വ്യക്തികളുടെ പറമ്പുകളിലും) മാത്രമായിരിക്കും ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 34 (ഡി) അനുസരിച്ച് അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് അനുമതി.

5) ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക വിനിയോഗിക്കുവാൻ അംഗീകാരം ഉള്ള ദുരന്തത്തിൽ (https://sdma.kerala.gov.in/notified-disasters/), ദുരന്തം ബാധിച്ചതായി വിജ്ഞാപനം ചെയ്യപ്പെടുന്ന വില്ലേജുകളിൽ പരമാവധി 6 മാസത്തിനുള്ളിൽ ദുരന്ത അവശിഷ്ടങ്ങൾ (കല്ല്, മണ്ണ്, ചെളി, മണൽ, എക്കൽ, തടി, മറ്റ് ജൈവ-അജൈവ മാലിന്യങ്ങൾ) നീക്കം ചെയ്യേണ്ടതാണ്. ഈ സമയ പരിധിക്ക് ശേഷം നടത്തുന്ന പ്രവൃത്തികൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക അനുവദിക്കാൻ പാടുള്ളതല്ല. എന്നാൽ, പ്രവൃത്തി ആരംഭിക്കുകയും, നിയന്ത്രണാതീതമായ കാരണങ്ങളാൽ പ്രവൃത്തിയിൽ കാലതാമസം നേരിടുകയും ചെയ്യുകയാണെങ്കിൽ ഇതിലേക്കായി പുതിയ സമയക്രമം നിശ്ചയിച്ച് പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി ഗ്രാമ-പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ അനുമതി തേടുകയും ചെയ്യേണ്ടതാണ്.

6) ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക വിനിയോഗിക്കുവാൻ അംഗീകാരം ഉള്ള ദുരന്തത്തിൽ (https://sdma.kerala.gov.in/notified-disasters/), ദുരന്തം ബാധിച്ചതായി വിജ്ഞാപനം ചെയ്തിട്ടുള്ള വില്ലേജുകളിൽ, അനുവദനീയമായ സമയത്തിനുള്ളിൽ നീക്കം ചെയ്യുന്ന ദുരന്താനന്തര അവശിഷ്ടങ്ങളിൽ നിന്നും വരുമാനം ഉണ്ടാക്കണം എന്ന നിബന്ധന ഇല്ല എന്ന് വ്യക്തമാക്കുന്നു.

7) ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക വിനിയോഗിക്കുവാൻ അംഗീകാരം ഉള്ള ദുരന്തത്തിൽ (https://sdma.kerala.gov.in/notified-disasters/), ദുരന്തം ബാധിച്ചതായി വിജ്ഞാപനം ചെയ്തിട്ടുള്ള വില്ലേജുകളിൽ, ദുരന്ത അവശിഷ്ടങ്ങൾ നീക്കുന്നതിന് ആവശ്യമായ വലിയ വാഹനങ്ങൾ, ഉപകരണങ്ങൾ എന്നിവ ആവശ്യമായി വന്നാൽ ഗ്രാമ-പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിക്ക് SDRF-ൽ നിന്നും തുക ചിലവഴിക്കാൻ അനുവാദം നൽകുന്നു. ഓറഞ്ച് ബുക്കിൽ ഓരോ വാർഡിനും ദുരന്ത അവശിഷ്ടങ്ങൾ നീക്കുന്നതിന് നിശ്ചിത തുക വകയിരുത്തിയിട്ടുണ്ട്. ഈ തുക പുനർ നിർണ്ണയിക്കാവുന്നതുമാണ്. [ഉദാഹരണം: Orange Book 2022, Section 5.4.1 "അംഗീകൃത ദുരന്തം ബാധിച്ച തദ്ദേശ സ്ഥാപനങ്ങളിൽ ഗ്രാമ പഞ്ചായത്ത് വാർഡ് ഒന്നിന് 25,000 രൂപ, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വാർഡ് ഒന്നിന് 50,000 രൂപ എന്ന നിലയിൽ ജില്ലകൾക്ക് 2245-02-101-94-Flood-Other items ൽ നിന്നും വഹിക്കാവുന്നതാണ്"].

8) മേൽ പ്രതിപാദിച്ചതിൽ അധികമായി ഒരു ഗ്രാമ-പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ തുക വേണ്ടി വന്നാൽ ആവശ്യമായ തുക നിർണ്ണയിച്ച് SDRF-ൽ നിന്നും ലഭിക്കുന്നതിന് ഗ്രാമ-പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയോട് ആവശ്യം ഉന്നയിക്കുക.

9) സ്വകാര്യ സ്ഥല ഉടമയ്ക്ക് അവരുടെ സ്വന്തം ഭൂമിയിൽ നിന്നും ദുരന്ത അവശിഷ്ടം നീക്കം ചെയ്യാൻ കഴിയില്ല എന്ന് രേഖാമൂലം അറിയിച്ചാൽ, ദുരന്ത അവശിഷ്ടങ്ങൾ മാറ്റുന്നതിന് അതാത് പഞ്ചായത്ത് തൊഴിലുറപ്പ് പ്രവർത്തി ദിനങ്ങൾ ഉപയോഗപ്പെടുത്തി സ്വകാര്യ ഭൂമിയിലും/വീടുകളിലും വീണ ദുരന്ത അവശിഷ്ടങ്ങൾ (കല്ല്, മണ്ണ്, ചെളി, മണൽ, എക്കൽ, തടി, മറ്റ് ജൈവ-അജൈവ മാലിന്യങ്ങൾ) നീക്കം ചെയ്ത്, ഒരു പൊതു സ്റ്റോറേജ് യാർഡിൽ നിക്ഷേപിക്കുക. ഇത്തരത്തിൽ നിക്ഷേപിച്ച ദുരന്ത അവശിഷ്ടങ്ങളുടെ (കല്ല്, മണ്ണ്, ചെളി, മണൽ, എക്കൽ, തടി, മറ്റ് ജൈവ-അജൈവ മാലിന്യങ്ങൾ) വില്പനയിലൂടെ ലഭിക്കുന്ന വരുമാനം ഗ്രാമ-പഞ്ചായത്തിന്/മുനിസിപ്പാലിറ്റിക്ക്/കോർപ്പറേഷന് വരുമാനമായി മുതൽ കൂട്ടുക. ഇത്തരം ദുരന്ത അവശിഷ്ടങ്ങൾ മാറ്റുന്നതിന് വാഹനങ്ങളും, ഉപകരണങ്ങളും, യന്ത്രങ്ങളും, തൊഴിലാളികളും ആവശ്യമാണെങ്കിൽ ആയതിനായി ഓറഞ്ച് ബുക്കിൽ SDRF-ൽ നിന്നും ഗ്രാമ-പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷന് അനുവദിച്ചിട്ടുള്ള മൊത്തം തുകയിൽ അധികരിക്കാതെ ചെലവഴിക്കാം.